**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **13-09-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**<br><br>• സാന്ത്വന (പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്കായുള്ള ധനസഹായ പദ്ധതി)<br>• നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് - NDPREM (തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി)<br>• പ്രവാസി ഭദ്രത (തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുന-സംയോജന പദ്ധതി)<br>• പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ വികസന – തുടർ സംയോജിത പരിശീലന പരിപാടി<br>• തൊഴിൽ പോർട്ടൽ<br>• നോർക്ക വാണിജ്യ സൗകര്യ കേന്ദ്രം<br>• വിപണി ഗവേഷണം, സ്കില്ലിംഗ്, പ്രീ റിക്രൂട്ട്മെന്റ്, റിക്രൂട്ട്മെന്റ്, പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾ എന്നിവയ്ക്കുള്ള പുതിയ സംരംഭം<br>• നോർക്ക റൂട്ട്സ് ആസ്ഥാനവും മറ്റ് അനുബന്ധ ഓഫീസുകളും ശക്തിപ്പെടുത്തുക<br>• 24 മണിക്കൂർ ഹെൽപ് ലൈൻ/കാൾ സെന്റർ, എൻ.ആർ.കെ പ്രശ്ന പരിഹാര സെൽ<br>• പ്രവാസി നിയമ സഹായ സമിതി (PLAC)<br>• നിയമപരമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്ക്കരണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ<br>• എയർപോർട്ടിൽ അടിയന്തര ആംബുലൻസ് സഹായം.<br>• എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്<br>• ലോക കേരള സഭ<br>• ലോക കേരള കേന്ദ്രം<br>• നോർക്ക റൂട്ട്സ് സ്കോളർഷിപ്പ് പദ്ധതി<br>• പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br><br>**<u>നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ</u>**<br><br>• നോർക്ക ശുഭയാത്ര<br>• നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)<br><br>**<u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**<br><br>• പെൻഷൻ/കുടുംബപെൻഷൻ/ അവശതാ പെൻഷൻ<br>• മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം<br>• ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം<br>• അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം<br>• വനിതാ അംഗങ്ങൾക്കുള്ള പ്രസവാനുകൂല്യം<br>• അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം<br>• പ്രവാസി ഡിവിഡന്റ് സ്കീം<br>• പ്രവാസി ഭവന പദ്ധതി |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര പേർക്ക് പുതുതായി പ്രവാസി പെൻഷൻ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 22970 പേർക്ക് പുതുതായി പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ